# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


പി.ആർ.ഒ./39/274/2018 2018 ഡിസംബർ 19

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

ഒന്നാം സെമസ്റ്റർ എം .എ., എം.സി.ജെ., എം.എച്ച്.എം.,എം.എസ്.ഡബ്ല്യു., എം.ടി.എ. ആൻഡ് എം.ടി.ടി.എം. സി.എസ്.എസ്.( 2018 അഡ്മിഷൻ റഗുലർ, 2014,2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി, 2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾ ജനുവരി നാലിന് ആരംഭിക്കും.

ഒന്നാം സെമസ്റ്റർ എം.എസ് സി. സി.എസ്.എസ്.( 2018 അഡ്മിഷൻ റഗുലർ, 2014,2015, 2016, 2017 അഡ്മിഷൻ സപ്ലി മെന്ററി, 2012, 2013 അഡ്മിഷൻ മേഴ് സി ചാൻസ് ) പരീക്ഷകൾ ജനുവരി നാലിന് ആരംഭിക്കും.

ഒന്നാം സെമസ്റ്റർ എം .കോം. സി.എസ്.എസ്.(2018 അഡ്മിഷൻ-റഗുലർ, 2014, 2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി /2012, 2013 അഡ്മിഷൻ മേഴ് സി ചാൻസ് ) പരീക്ഷകൾ ജനുവരി നാലിന് ആരംഭിക്കും. വിശദവിവരം വെബ്സൈറ്റിൽ.

## പുനർമൂല്യനിർണയത്തിന് അപേക്ഷിക്കാം

2017 ഡിസംബറിൽ നടത്തിയ ഒന്നാം വർഷ ബി.എസ്‌സി. നഴ്സിംഗ് (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. ഇരട്ടമൂല്യനിർണയം നടത്തിയതിനാൽ പുനർമൂല്യനിർണയ അവസരം റദ്ദാക്കി . സൂക്ഷ്മപരിശോധനയ്ക്ക് ഡിസംബർ 29 വരെ അപേക്ഷിക്കാം. പുനർമൂല്യനിർണയത്തിന് അപേക്ഷിച്ചവരുടെ ഫീസ് തിരികെ നൽകും . വിദ്യാർഥികൾ പേര് , അക്കൗണ്ട് നമ്പർ , ബാങ്കിന്റെ പേര് , ബ്രാഞ്ച്, ഐ.എഫ്.എസ്.സി. കോഡ് എന്നിവ രേഖപ്പെടുത്തിയ അപേക്ഷ ഡിസംബർ 29നകം പരീക്ഷകൺട്രോളറുടെ ഓഫീസിൽ നൽകണം.

## പരീക്ഷ ഫലം

2018 ഫെബ്രുവരിയിൽ നടന്ന എം .എസ്.സി. ഒന്നാംസെമസ്റ്റർ ഫുഡ് ടെക് നോളജി ആൻഡ് ക്വാളിറ്റി അഷ്വറൻസ് (പി.ജി. സി.എസ്.എസ്.-റഗുലർ, സപ്ലിമെന്ററി) പരീക്ഷ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി നാലുവരെ അപേക്ഷിക്കാം . അപേക്ഷയ്ക്കൊപ്പം ഹാൾടിക്കറ്റ്/മാർക്ക് ലിസ്റ്റ് പകർപ്പുകൂടി നൽകണം.

2018 ഫെബ്രുവരിയിൽ നടന്ന എം .എസ്.സി. ഒന്നാം സെമസ്റ്റർ അപ്ലൈഡ് മൈക്രോബയോളജി(പി.ജി. സി.എസ്.എസ്.- റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജനുവരി നാലുവരെ അപേക്ഷിക്കാം.

2018 ഒക്ടോബറിൽ നടന്ന രണ്ടാംവർഷ മെഡിക്കൽ അനാട്ടമി (നോൺ സി.എസ്.എസ്. റഗുലർ, സപ്ലിമെന്ററി) പരീക്ഷഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്ക് ജനുവരി മൂന്നുവരെ അപേക്ഷിക്കാം.

## സ്പെഷൽ മേഴ്സി ചാൻസ് പരീക്ഷ;

## അപേക്ഷ തീയതി നീട്ടി

സ്പെഷൽ മേഴ്സി ചാൻസ് പരീക്ഷയ്ക്ക് അപേക്ഷിക്കാനുള്ള തീയതി ഡിസംബർ 27 വരെ നീട്ടി. എം.എ., എം.എസ്.സി., എം.കോം 2002-2013 പ്രൈവറ്റ് സ്റ്റഡി, എം.ബി.എ. 2014 അഡ്മിഷൻ എന്നിവയ്ക്കും സ്പെഷൽ മേഴ്സി ചാൻസ് പരീക്ഷ ബാധകമാണ് . പിഴയില്ലാതെ ഡിസംബർ 27 വരെയും 500 രൂപ പിഴയോടെ ഡിസംബർ 28നും 1000 രൂപ സൂപ്പർഫൈനോടെ ഡിസംബർ 31 വരെയും അപേക്ഷിക്കാം. പരീക്ഷ ഫീസിനും സി .വി. ക്യാമ്പ് ഫീസിനും പുറമേ 5000 രൂപ സ്പെഷൽ ഫീസ് അടയ്ക്കണം . വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

## അടിയന്തര സെനറ്റ്

## യോഗം ഡിസംബർ 29ന്

മഹാത്മാഗാന്ധി സർവകലാശാല സെനറ്റിന്റെ പ്രത്യേക അടിയന്തര യോഗം ഡിസംബർ 29ന് രാവിലെ 10ന് സർവകലാശാല സെനറ്റ് ഹാളിൽ നടക്കും. വൈസ് ചാൻസലറുടെ നിയമനത്തിനുള്ള സെർച്ച് കമ്മിറ്റി രൂപീകരിക്കുന്നതിന് സെനറ്റ് പ്രതിനിധിയെ തെരഞ്ഞെടുക്കാനാണ് പ്രത്യേക അടിയന്തര യോഗം കൂടുന്നത്.

## സർവകലാശാല പഠനവകുപ്പുകളിൽ

## എം.ഫിൽ പ്രവേശനം: അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ കീഴിലുള്ള വിവിധ പഠനവകുപ്പുകളിൽ നടത്തുന്ന എം .ഫിൽ പ്രോഗ്രാമുകളിലെ 2018-19 അക്കാദമിക വർഷത്തേക്കുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു . അപേക്ഷ ജനുവരി 16 വരെ നൽകാം. ഓൺലൈനായി രജിസ്ട്രേഷൻ ഫീസടച്ച് അനുബന്ധ രേഖകൾ സഹിതം അപേക്ഷ അതത് പഠനവകുപ്പുകളിലെ മേധാവിക്ക് നൽകണം. അപേക്ഷ അയയ്ക്കുന്ന കവറിനു പുറത്ത് പ്രോഗ്രാമിന്റെ പേരും പഠനവകുപ്പിന്റെ പേരും രേഖപ്പെടുത്തണം . വിശദവിവരം സർവകലാശാല വെബ്സൈറ്റിലും (www.mgu.ac.in) പഠന വകുപ്പുകളിലും ലഭിക്കും.

## ഗവേഷണ ഉപകരണങ്ങൾ വികസിപ്പിക്കൽ; രാജ്യാന്തര ശിൽപശാല

## 'ഗവേഷണത്തിൽ സ്റ്റാറ്റിസ്റ്റിക്കൽ

## ഡൈക്കോമെട്രി പ്രയോജനപ്പെടുത്തണം'

വിദ്യാഭ്യാസ മനശാസ്ത്ര മേഖലയിലെ ഗവേഷണങ്ങളിൽ സ്റ്റാറ്റിസ്റ്റിക്കൽ ഡൈക്കോമെട്രിയുടെ പ്രയോജനം ഫലപ്രദമായി പ്രയോജനപ്പെടുത്തണമെന്ന് അമേരിക്കയിലെ ഡെലാവർ സർവകലാശാലയിലെ പ്രഫ . ഡോ. രത്ന നന്ദകുമാർ പറഞ്ഞു . ഗവേഷണ ഉപകരണങ്ങൾ വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസും സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസും സംയുക്തമായി സംഘടിപ്പിച്ച രാജ്യാന്തര ശിൽപശാലയിൽ വിഷയാവതരണം നടത്തുകയായിരുന്നു അദ്ദേഹം.

പെഡഗോജിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ നടന്ന ശിൽപശാല സിൻഡിക്കേറ്റംഗം പ്രഫ. സന്തോഷ് പി. തമ്പി ഉദ്ഘാടനം ചെയ്തു . ബിഹേവിയറൽ സയൻസസ് മേധാവി പ്രൊഫ. എൻ. രാജീവ് കുമാർ അധ്യക്ഷത വഹിച്ചു. പ്രൊഫ. പി.എസ്. സുകുമാരൻ, പ്രൊഫ. ജയ ജെയ്സ്, പ്രൊഫ. ജെ.വി. ആശ, ഇ. രാജേഷ് എന്നിവർ പ്രസംഗിച്ചു.

### ഫോട്ടോ കാപ്ഷൻ

ഗവേഷണ ഉപകരണങ്ങൾ വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസും സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസും സംയുക്തമായി സംഘടിപ്പിച്ച രാജ്യാന്തര ശിൽപശാല സിൻഡിക്കേറ്റംഗം പ്രഫ. സന്തോഷ് പി. തമ്പി ഉദ്ഘാടനം ചെയ്യുന്നു.

**എ. അരുൺ കുമാർ**

**പബ്ലിക് റിലേഷൻസ് ഓഫീസർ**